LIBRARY ARCHIVES Kerala Legislative Assembly

മണ്ണ് പരിശോധനാശാലകളുടെ പ്രവർത്തനം

73 [3424] ശ്രീ. യു. സി. രാമൻ:

,, കളത്തിൽ അബ്ദുള്ള:

,, ടി. പി. എം. സാഹിർ:

,, സി. മോയിൻകുട്ടി:

,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് പരിശോധനാശാലകളിൽ സാമ്പിളുകൾ പരിശോധിച്ച് അവയുടെ രാസഭൗതിക സ്വഭാവങ്ങൾ നിർണ്ണയിക്കുന്നതിന് ഓരോ ശാലകളിലും കുറഞ്ഞത് എത്ര കേസുകൾ എന്ന് നിർണ്ണയിച്ചിട്ടുണ്ടോ;

(ബി) ഇതനുസരിച്ച് മണ്ണുപരിശോധനശാലകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഇവയുടെ പ്രവർത്തനത്തെ സംബന്ധിച്ച റിവ്യൂ എപ്രകാരമാണ്?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ

74 [3425] ശ്രീ. കളത്തിൽ അബ്ദുള്ള::

,, കെ. എൻ. എ. ഖാദർ:

,, സി. മമ്മൂട്ടി:

,, സി. മോയിൻകുട്ടി:

,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കാലവർഷത്തിന്റെ കാഠിന്യംകൊണ്ട് ഉരുൾപൊട്ടലും, മണ്ണിടിച്ചിലും സംഭവിച്ച സ്ഥലങ്ങളിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചത് എവിടെയെല്ലാം;

(ബി) പണി നടന്നുകൊണ്ടിരിക്കുന്നത് ഏതെല്ലാം സ്ഥലങ്ങളിൽ;

(സി) ഇതിനായി ആകെ എന്ത് ചെലവായി?

ഉത്തരം

(എ) സാമ്പത്തിക പരിമിതിമൂലം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ല.

(ബി ആന്റ് സി) ബാധകമല്ല.